(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.6/2011/2016 കേരള
സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി: 24.11.2016.
Phone No: 0471-2331231
Email: lfadtvm@yahoo.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെമ്പായം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: വെമ്പായം ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3.1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.6/2011/2016 തീയതി: 24.11.2016

## തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്*

*നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.03.2016മുതൽ 17.09.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറി പ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.10.2016 മുതൽ 31.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.അനിഷ.എസ്.ബി | ഓഡിറ്റർ (സീ.ഗ്രേഡ്) |
| | | ശ്രീ.ആനന്ദ്.വി | ഓഡിറ്റർ (സീ.ഗ്രേഡ്) |
| | | ശ്രീ.രജികുമാർ.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബി.എസ്.ചിത്രലേഖ | 01.04.15മുതൽ 31.03.16 വരെ |
| സെക്രട്ടറി | ആർ.ചന്ദ്രമോഹൻ നായർ | 01.04.15മുതൽ 31.04.15 വരെ |
| | എ.ഷാജഹാൻ | 01.05.15മുതൽ 07.05.15 വരെ |
| | പി.കൃഷ്ണകുമാർ | 08.05.15മുതൽ 31.03.16 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | എ.ഷാജഹാൻ | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | മഞ്ജു.കെ.എസ് | 01.04.15മുതൽ 17.06.15 വരെ |
| | വിജകുമാർ | 18.06.15 മുതൽ 05.07.15 വരെ |
| | സരോജാദേവി | 06.07.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ | അരുൺ നിഗ് ലി | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ, ഗവ.യു.<br>പി.എസ്. കൊഞ്ചിറ | അജിത്ത്കുമാർ | 01.04.15 മുതൽ 31.03.16 വരെ |
| ഗവ.എൽ.പി.എസ്, കന്യാകുളങ്ങര | പുഷ്കലാമ്മാൾ | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ബെൻസിംഗ്.ബി | 01.04.15മുതൽ 03.04.15വരെ |
| | ബോബി.എസ്.മാന്വൽ | 03.04.15മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ. | ശ്രീദേവി | 01.04.15 മുതൽ 27.11.15വരെ |
| | രഞ്ജിത്ത് രാജ് | 27.11.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ദീപ.ഐ. | 01.04.15 മുതൽ 13.06.15 വരെ |
| | അനിൽ.എസ്.കെ | 13.06.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ബി.എസ്.മിനി | 01.04.15മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി ) | അന്ന തോമസ് | 01.04.15മുതൽ 01.06.15 വരെ |
| | മഞ്ജു. ഇക്ബാൽ | 01.06.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് | ഷൈലകുമാരി | 01.04.15മുതൽ 31.03.16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജാത.ആർ | 01.04.15മുതൽ 31.03.16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല നഷ്ടം 10,000/- രൂപ | 2.1 | |
| 13 | നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി | 2.2 | |

| | | | |
|---|---|---|---|
| | ഈടാക്കിയിട്ടില്ല. | | |
| 14 | ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2.3 | |
| 15 | കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് നികുതി ചോർച്ച | 2.4 | |
| | ഭാഗം 3 | | |
| 16 | ഹെഡ്മാസ്റ്ററുടെ പദ്ധതികൾ- അപാകതകൾ | 3.1 | |
| 17 | മരാമത്തുപണി-ഡി.എസ്. ആർ പ്രകാരമുള്ള നിരക്കിനേക്കാൾ അധികനിരക്ക് നൽകി-തുക നിരാകരിക്കുന്നു | 3.2 | |
| 18 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3.3 | |
| 19 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല. | 3.4 | |
| 20 | ടെണ്ടർ പരസ്യങ്ങൾ - അധിക നിരക്ക് നൽകുന്നു | 3.5 | |
| 21 | കിണർ മെയിന്റനൻസ് - അധികമായി പിൻ വലിച്ച തുക തിരികെ അക്കൗണ്ടിൽ അടക്കേണ്ടതാണ്. | 3.6 | |
| 22 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകക്കും മരുന്ന് ലഭിച്ചിട്ടില്ല | 3.7 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ) | 4.1 | |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |

| | | | |
|---|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ) | 4.3 | |
| 26 | വായ്പ വായ്പ തിരിച്ചടവ് | 4.4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 28 | ഓഡിറ്റ് റിക്കവറി | 4.6 | |
| 29 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 21.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 24.08.16 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 24.08.16 | കെ.എസ്.എ റ്റി.വി.എം.1/1111/ 15(39) തീയതി 14.10.2015 |

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 43340364

വരവ് – 62411802

ആകെ - 105752166

ചെലവ് - 78993040

നീക്കിയിരിപ്പ് - 26759126

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4535366 | 14471090 | 19006456 | 19006456 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2323365 | 6516781 | 8840146 | 8840146 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 285096 | 375000 | 660096 | 660096 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1793791 | 11876070 | 13669861 | 13669861 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 422203 | 4488441 | 4910644 | 4910644 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4915971 | 9102503 | 14018474 | 14018474 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5360508 | 5324560 | 10685068 | 10685068 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | - | 28574972 | 28574972 | 58575885 | 2087 | |
| ബി ഫണ്ട് | - | 44429309 | 44429309 | 44429309 | - | |
| മറ്റ് വരവുകൾ | 23704064 | 20880297 | 44584361 | 17827322 | 26757039 | - |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത്(എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ശതമാനം |
| 217 | 74687832 | 193 | 61205426 | 10 | 14 | 89 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| തൊഴിൽ നികുതി | 1166430 | 1204140 | 37710 | 3.23 |
| കെട്ടിട നികുതി | 3702303 | 1685921 | 2016382 | -54.46 |
| പരസ്യ നികുതി | - | 23500 | 23500 | 100 |
| ലേലം | 18600 | 53455 | 34855 | 187 |
| വാടക | 37281 | 70275 | 33990 | 91.17 |
| ഡി & ഒ ലൈസൻസ് | 76300 | 79800 | 3500 | 4.59 |
| മറ്റുവരവുകൾ | 1626940 | 1965800 | 337864 | 20.77 |
| ആകെ | 6627854 | 5082891 | 1544963 | -23.31 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1030320 | 1145 |
| കർഷകതൊഴിലാളി പെൻഷൻ | 5864910 | 722 |
| വിധവാപെൻഷൻ | 16426200 | 1720 |
| വാർദ്ധക്യകാലപെൻഷൻ | 16333230 | 2594 |
| വികലാംഗപെൻഷൻ | 4171755 | 1720 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 13 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം (Above 50 Years) | 410040 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.16 ന്
സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2928/-രൂപ
ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

എ. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് പഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേ ണ്ടതാണ്.

ബി. നിർവ്വഹണോദ്യോഗസ്ഥർ ഹാജരാക്കുന്ന ചെലവുരേഖകളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.10.2016 | 9/2016 | 05.10.2016 (31.07.16 വരെയുള്ളത്) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.15- 04.07.15 | 2010-11 മുതൽ 2014-15 വരെ | 13.08.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല നഷ്ടം 10,000/- രൂപ

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2015-16 കാലയളവിൽ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും അർദ്ധ വാർഷികമായി 1,250/- രൂപ ഈടാക്കേണ്ടിയിരുന്നു. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കാത്തലിക്ക് സിറിയൻ ബാങ്ക്

2. മുത്തൂറ്റ് മിനി ഫിനാൻസ്

3. നെടുമങ്ങാട് അർബൻ സഹകരണ ബാങ്ക്

4. യൂണിയൻ ബാങ്ക്

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2015-16 കാലയളവിൽ സ്ഥാപന നികുതിയിനത്തിൽ ആകെ 10,000/- രൂപ ഈടാക്കേണ്ടിയിരുന്നു. ഇത് സംബന്ധിച്ച് 26.10.2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 13 പ്രകാരം വിവരം ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടിയിൽ കുടിശ്ശിക നികുതി ഈടാക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. കുടിശ്ശിക നികുതി ഈടാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഏതാനും ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

1. ത്രിവേണി സൂപ്പർ മാർക്കറ്റ്

2. സാരംഗ് ഫ്യൂവൽസ്

3. എം.എസ്. ടിംബേഴ്സ്

4. മൈഥിലി എക്സ്പോർട്ടേഴ്സ്

5. ക്വാറി മാറാംകുഴി റോഡ്

6. ആർ.എസ്. ഇന്റർലോക്ക് & ടൈൽസ്

7. ട്രാവൻകൂർ ഇൻഡസ്ട്രീസ്

8. ചിലങ്ക ട്രാവൽസ്

9. വട്ടപ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘം

ഇത് സംബന്ധിച്ച 26.10.2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 13നുള്ള മറുപടി പ്രകാരം ത്രിവേണി സൂപ്പർ മാർക്കറ്റ്, വട്ടപ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറ്റിടങ്ങളിൽ സ്ഥിരം ജീവനക്കാർ ഇല്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷ പ്രകാരം മേൽ വിവരിച്ച സ്ഥാപനങ്ങളിൽ 142 ജീവനക്കാർ ജോലി ചെയ്യുന്നു. ഇവരിൽ നിന്നും ഏറ്റവും കുറഞ്ഞത് 17,040/- രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാമായിരുന്നു. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിവരം ഉൾപ്പെടുന്ന ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇതിന്റെ അഭാവത്താൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ഫീസ് ഈടാക്കുവാൻ കഴിയുന്നില്ല. ട്രേഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 13-നുള്ള മറുപടിയിൽ ട്രേഡേഴ്സ് രജിസ്റ്റർ എഴുതി പൂർത്തിയാക്കി അടുത്ത പരിശോധനക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുകയും എല്ലാ കച്ചവട സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ വരുമാനം

വർദ്ധിപ്പിക്കേണ്ടതുമാണ്.

## 2-4 കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് നികുതി ചോർച്ച.

വെമ്പായം പഞ്ചായത്തിൽ താമസാവശ്യത്തിനെന്ന പോലെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ചിലവ വാണിജ്യാവശ്യത്തിന് ഉപയോഗിച്ച് വരുന്നു. ഇതിലൂടെ പഞ്ചായത്തിന് നികുതി ചോർച്ച ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | അസ്സസ് മെന്റ് രജിസ്റ്റർ പ്രകാരമുള്ള ഉപയോഗ ക്രമം | ഡി. & ഒ. രജിസ്റ്റർ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|
| I/497 | ഗാർഹികം | സ്റ്റേഷനറി കട |
| II/400 | ഗാർഹികം | പ്രൊവിഷണൽ സ്റ്റോർ |
| XII/941 | ഗാർഹികം | ഭാരത് പെസ്റ്റിസൈഡ്സ് കോർപ്പറേഷൻ |
| XV/468 | ഗാർഹികം | ഹോട്ടൽ |
| XV/491 | ഗാർഹികം | ചർച്ച് ആർട്ടിക്കിൾ നിർമ്മിച്ച് വിൽപ്പന നടത്തുന്ന |

ഇത് സംബന്ധിച്ച 28.10.2016 ന് നൽകിയ ഓഡിറ്റ് എൻക്വയറി 21-ന് ലഭിച്ച് മറുപടിയിലും കെട്ടിടങ്ങളുടെ ഉപയോഗ ക്രമം മേൽ സൂചിപ്പിച്ച പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി പഞ്ചായത്തിന്റെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹെഡ്മാസ്റ്റർ നടപ്പാക്കിയ പദ്ധതികൾ- ധനവിനിയോഗത്തിലെ അപാകതകൾ- അധികചെലവ് നിരാകരിക്കുന്നു

2015-16 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 18 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ 3 എണ്ണം_സ്പിൽ ഓവറും 15 എണ്ണം തൻവർഷ പ്രോജക്ടുമാണ്. തൻ വർഷ പ്രോജക്ടുകൾക്കായി 3035239/- രൂപയും സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 289000/- രൂപയുമാണ് ആകെ ചെലവ്. ചില പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ നടപ്പിലാക്കിയതും ധന വിനിയോഗത്തിൽ വന്ന അപാകതകളുംമൂലം താഴെപറയുംവിധം ധനനഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു.

a) നീന്തൽ പരിശീലനം (എസ്.ഒ 64/15 സ്പിൽ ഓവർ)

പ്രോജക്ട് നമ്പർ - എസ്.ഒ 165/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ഗവൺമെന്റ്.യു.പി.എസ്.കൊഞ്ചിറ

പദ്ധതി അടങ്കൽ - 132000/-

ചെലവ് - 132000 (ബിൽ നമ്പർ 1/15-16 17.06.15)

2014-15 ലെ 64/15 നമ്പർ പദ്ധതി 2015-16-ൽ സ്പിൽ ഓവർ ആയി (എസ്.ഒ.165/16) എച്ച്.എം നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം നീന്തൽ പരിശീലനത്തിനായി തൻവർഷം 132000/- രൂപ (ബിൽ നമ്പർ 1/15-16 തീയതി. 17.06.15) പിൻവലിച്ച് താഴെ പറയുന്ന ഇനങ്ങൾക്കായി ചെലവഴിച്ചു.

അദ്ധ്യാപക നിയമനം

(5 അദ്ധ്യാപകർക്ക് 22000/-രൂപ വീതം) - 110000/-

ലഘുഭക്ഷണം - 22000/-

2014-15 ലെ 64/15പദ്ധതി പ്രകാരം നീന്തൽ പരിശീലനത്തിനായി മുൻവർഷം 57202/-രൂപക്ക് യൂണിഫോം വാങ്ങി പഞ്ചായത്തിലെ വിവിധ സർക്കാർ വിദ്യാലയങ്ങളിലെ 49 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തൻവർഷം പിൻവലിച്ച 132000/- രൂപ 44 ദിവസത്തെ പരിശീലനത്തിനായി 5പരിശീലകർക്ക് 22000/-രൂപ നിരക്കിൽ തുക നൽകിയിട്ടുള്ളതായി അക്വിറ്റൻസ് ഫയലിൽ ഉണ്ട്. എന്നാൽ ടി പരിശീലനം എവിടെ വച്ചാണ് നടന്നത്, എത്രകുട്ടികൾ പങ്കെടുത്തു എന്നതിന്റെ വിവരങ്ങൾ ഫയലിൽ നിന്നും വ്യക്തമല്ല. കൂടാതെ പ്രോജക്ട് 64/15 നമ്പർ പദ്ധതി പ്രകാരം പരിശീലകർക്ക് പരമാവധി 25000/-രൂപയാണ് അനുവദനീയമായത് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23-ന് മറുപടിയായി തിരുവല്ലിക്കോണം കുളത്തിൽ വച്ചാണ് പരിശീലനം നടന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ അന്വേഷണത്തിൽ ഈ പേരിൽ വെമ്പായം പ്രദേശത്ത് ഒരു കുളവും ഇല്ല എന്നറിയാൻ കഴിഞ്ഞു. കൂടാതെ സമീപത്ത് പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ കുളത്തിൽ വളരെ കുറഞ്ഞ നിരക്കിൽ (50 വിദ്യാർത്ഥികൾക്ക് 1 മണിക്കൂറിൽ 1000/- രൂപ നിരക്കിൽ) മികവുറ്റ രീതിയിൽ നീന്തൽ പരിശീലനം നൽകാമെന്നിരിക്കെ ഇത്രയും ഭീമമായ നിരക്ക് പരിശീലകർക്ക് നൽകിയതും സ്ഥലം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാത്തതുമായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രോജക്ടിൽ വകയിരുത്തിയ അദ്ധ്യാപക വേതനമായ 25000/- രൂപ കുറച്ച് ബാക്കി തുക 85000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടയ്ക്കേണ്ടതാണ്.

(b) <u>എയ്റോബിക്സ് പരിശീലനം (എസ്.ഒ. 0087/16)</u>

പ്രോജക്ട് നമ്പർ - എസ്.ഒ 0087/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ഗവ. എൽ.പി.എസ്, കന്യാകുളങ്ങര

അടങ്കൽ തുക - 200000/-

ചെലവ് തുക - 198520/-

(ബിൽ നമ്പർ 9/15-16, 18.02.16 (50000/-)

ബിൽ നമ്പർ 14/15-16 28.03.16,148520/-)

പദ്ധതി പ്രകാരം വെമ്പായം പഞ്ചായത്തിലെ എൽ.പി. വിഭാഗം നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി എയ്റോബിക്സ് പരിശീലനത്തിനായി ലഘുഭക്ഷണം അദ്ധ്യാപക നിയമനം, വാഹന വാടക എന്നിവയ്ക്കായാണ് തുക വകയിരുത്തിയത്. ഫയലിൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം 40 കുട്ടികളെയാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തി ട്ടുള്ളത്. ബിൽ നമ്പർ 9/15-16, 18.2.16(50000/-) പ്രകാരം പിൻവലിച്ച തുകയിൽ 44390/-രൂപ ലഘുഭക്ഷണം, ക്ലീനിംഗ് ചാർജ്ജ്, ആർ.പി.ഓണറേറിയം എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്.

ബിൽ നമ്പർ 14/15-16 28.03.16, പ്രകാരം പിൻവലിച്ച 148520/- രൂപ വിവിധ സ്കൂളുകളിലെ 457 വിദ്യാർത്ഥികൾക്കായി (@325/-) സ്കൂൾ അധികൃതർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക എന്തിനുവേണ്ടി ചെലവഴിച്ചുവെന്നതിന്റെയോ, 457 കുട്ടികൾക്ക് പരിശീലനം നൽകിയതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 110 എയ്റോബിക്സ് യൂണിഫോം വാങ്ങിയതിന്റെ ഇൻവോയിസ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഒറിജിനൽ ബില്ലുകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ 40 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി ഇത്രയധികം യൂണിഫോം വാങ്ങേണ്ട കാര്യമില്ല. ഒറിജിനൽ ബില്ലിന്റെ അഭാവത്തിൽ 40 യൂണിഫോമിന് ചെലവാക്കിയതായ തുകയായ 10000/- രൂപ തടസ്സത്തിൽ വച്ച് ബാക്കി തുകയായ 138520/- രൂപ നിരാകരിക്കുന്നു. പ്രോജക്ടിൽ നിന്നും വ്യത്യസ്തമായി 40 കുട്ടികൾക്ക് പരിശീലനം നൽകിയതിന് ശേഷം ബാക്കി തുക യൂണിഫോം വാങ്ങുന്നതിന് ചെലവഴിക്കാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതായാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം മറുപടി നൽകിയത്. മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ 15.02.2016-ന് ചേർന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഖണ്ഡിക 9 പ്രകാരം എയ്റോബിക്സ് പരിശീലനം പ്രോജക്ടിൽ ബാക്കി വരുന്ന 140000/- രൂപ 7-ാം ക്ലാസ് വരെ പഠിക്കുന്ന വെമ്പായം ഗ്രാമ പഞ്ചായത്തിലെ താമസക്കാരായ സർക്കാർ, എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് വേനൽകാല എയ്റോബിക്സ് പരിശീലനം നൽകുന്നതിന് പുതിയ പ്രോജക്ട് നടപ്പിലാ ക്കുന്നതാണ് എന്നും യൂണിഫോം, റെമ്യൂണറേഷൻ എന്നിവ ഈ പ്രോജക്ടിൽ ഉൾപ്പെടുമെന്നും രേഖപ്പെടുത്തിയിട്ട് അതിന്റെ കൂടെ സ്കൂൾ എച്ച്.എം മാർക്ക് നൽകാൻ തീരുമാനിച്ചു എന്നു കൂടി എഴുതി ചേർത്തിട്ടുണ്ട്. പുതിയ പ്രോജക്ട് തയ്യാറാക്കി സ്പിൽ ഓവർ ആയി നൽകാനാണ് തീരുമാനമെങ്കിൽ സ്കൂൾ എച്ച്.എം മാർക്ക് നൽകാൻ തീരുമാനിച്ചു എന്നു കൂടി ചേർത്തത് പരസ്പര വിരുദ്ധമായി. ഇപ്രകാരം പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി ബാക്കി വന്ന തുക സ്കൂൾ എച്ച്.എം മാർക്ക് വിതരണം ചെയ്തത് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണെന്നിരിക്കെ ഇപ്രകാരം ധന ദുർവിനിയോഗം നടത്തിയതിന് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ കൂടി ഉത്തരവാദികളാണ്. എയ്റോബിക്സ് പഠിച്ച 40 വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങി നൽകിയ 250x40-10000/-(പതിനായിരം രൂപ) തടസ്സത്തിൽ വച്ചത് കിഴിച്ച് ഈ ഇനത്തിൽ അധികം ചെലവാക്കിയ തുക 138520/-രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(c) നീന്തൽ പരിശീലനം

പ്രോജക്ട് നമ്പർ - എസ്. 0087/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ഗവ. എൽ.പി.എസ്, കന്യാകുളങ്ങര

വെമ്പായം ഗ്രാമ പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിലെ 50 വിദ്യാർത്ഥികൾക്കായി നീന്തൽ പരിശീലനം നൽകുന്നതിനായി 500000/- രൂപ വകയിരുത്തിയ പദ്ധതിയോടനുബന്ധിച്ച് ബിൽ നമ്പർ 8/15-16, 18.02.16, 12/15-16/ 22.03.16 എന്നിവ പ്രകാരം പിൻവലിച്ച 89485/- രൂപയിൽ 45125/- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള പിരപ്പൻ കോട് അന്താരാഷ്ട്ര നീന്തൽകുളത്തിൽ വച്ചുള്ള പരിശീലനത്തിനായി (ജനുവരി 2016 മുതൽ മാർച്ച് 2016 വരെയുള്ള കാലയളവിലെ 18 ദിവസങ്ങളിൽ) 45125/- രൂപ ഡി.ഡി.നമ്പർ 46063/09.03.16 പ്രകാരം ശ്രീ.ശശിധരൻ നായർ (അഡ്മിനിസ്ട്രേറ്റർ,കേരള സ്പോർട്ട്സ് കൗൺസിൽ) കൈപറ്റിയിട്ടുണ്ട്.

| | |
|---|---|
| നീന്തൽ യൂണിഫോം | 19925 |
| നീന്തൽകുളം വാടക (പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ കുളം) | 9000 (50വിദ്യാർത്ഥികൾക്ക് ഒരു ദിവസം<br>500/-രൂപ എന്ന ഡിസ്കൗണ്ട് നിരക്കിൽ) |

| | |
|---|---|
| പരിശീലകനുള്ള കോച്ചിംഗ് ഫീസ് | 16200 |
| ആകെ | 45125 |

ബാക്കി തുക വാഹന വാടക, റിഫ്രഷ്മെന്റ്, ക്ലീനിംഗ് എന്നിവക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി അടങ്കലിൽ ബാക്കി വന്ന തുകയായ 410515/-രൂപ ബിൽ നമ്പർ 16/15-16 പ്രകാരം 26.03.16-ന് പിൻവലിച്ച് പഞ്ചായത്തിലെ വിവിധ സർക്കാർ വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർക്ക് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | G0vt LPS Cheeranikkara | 20930 |
| 2 | Govt L P S, Thekkada | 35490 |
| 3 | Govt LPS Kuttiyani | 20930 |
| 4 | Govt. Ups Konchira | 136045 |
| 5 | Govt LPS Nannattukavu | 34580 |
| 6 | Govt LPS Kanyakulangara | 162540 |

ടി തുകകൾ ചെലവഴിച്ചതായി സ്കൂൾ മേധാവികൾ സാക്ഷ്യപ്പെടുത്തിയെങ്കിലും എപ്രകാരമാണ് ചെലവാക്കിയതെന്നോ, യാതൊരു ചെലവ് രേഖകളോ ഒന്നും തന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ചെലവ് രേഖകൾ സ്കൂൾ മേധാവികളുടെ കൈയ്യിലാണെന്നും ആയത് ഹാജരാക്കുന്നതാണെന്നും അറിയിച്ചെങ്കിലും ഹാജരാക്കിയിട്ടില്ല. തുടർന്ന് സ്കൂളുകളിൽ ഓഡിറ്റ് ടീം നേരിട്ട് ചെന്ന് അന്വേഷണം നടത്തി. എന്നാൽ മിക്ക സ്കൂളുകളിൽ നിന്നും ചെലവ് രേഖകൾ ലഭ്യമായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മേധാവിയായ സ്കൂളിലെ 162540/-രൂപ ചെലവ് രേഖകൾ ഹാജരാക്കിയത് പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവ് രേഖകൾ അംഗീകരിക്കാൻ കഴിയുന്നതല്ല

| ചെലവിനം | രസീത് | തുക | കാരണം |
|---|---|---|---|
| സ്വിമ്മിംഗ് പൂൾ എൻടൻസ് ഫീസ് | 11036/25.04.16<br>(കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ) | 65000 | കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ക്യാഷ്ബുക്കും രസീതു ബുക്കുമായി ഒത്തുനോക്കിയപ്പോൾ 11036 നമ്പർ രസീതിൽ 21.06.16 (11036-11068 വരെ 100/-രൂപ വീതം 3300/- രൂപയാണ് വരവ്).രസീത് യഥാർത്ഥമല്ല |
| സ്വിമ്മിംഗ് കോച്ചിംഗ് | 8400 | 8400 | കേരള സ്റ്റേറ്റ്സ് സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിയുടെ 04.01.2016 ലെ |

| | | | |
|---|---|---|---|
| | | | കെ.എസ്.എസ്.സി/ഡി.5/ 5630/2016 നമ്പർ കത്തു മുഖേനെ നീന്തൽ കുളത്തിന്റെ വാടകയിനത്തിൽ കോച്ചിംഗ് ഫീസും ഉൾപ്പെടുമെന്നും മറ്റൊരു കോച്ചിംഗ് ഫീസ് വാങ്ങുന്നി ല്ലെന്നും അറിയിച്ചിട്ടുണ്ട്. |
| കോച്ചിംഗ് ഫീസ് | 29.03.16 -ലെ വെള്ളകടലാസിൽ പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ അഡ്മിനിസ്റ്റേറ്റർ ഒപ്പിട്ടുനൽകിയ 6100/- രൂപയുടെ രസീത് | 6100 | സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിയുടെ 04.01.2016 ലെ കെ.എസ്.എസ്.സി/ഡി.5/ 5630/2016 നമ്പർ കത്തു മുഖേനെ നീന്തൽ കുളത്തിന്റെ വാടകയി നത്തിൽ കോച്ചിംഗ് ഫീ ഉൾപ്പെടുമെന്നും കൂടാതെ മറ്റൊരു കോച്ചിംഗ് ഫീസ് വാങ്ങുന്നി ല്ലെന്നും അറിയിച്ചിട്ടുണ്ട്. |
| യൂണിഫോം | വെള്ളകടലാസിൽ ഒപ്പിട്ട 17500/- രൂപക്ക് 70 സെറ്റ് യൂണിഫോം വിതരണം ചെയ്തതായി പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ അഡ്മിനിസ്റ്റേറ്ററുടെ രസീത് | 17500 | സാധനങ്ങൾ വാങ്ങിയ കടയുടെ ബിൽ ലഭ്യമാക്കിയിട്ടില്ല |
| ഉദ്ദേശ്യം വ്യക്തമാക്കിയിട്ടില്ല | വെള്ളകടലാസിൽ ഒപ്പിട്ട 21.02.16-ലെ 3550/- രൂപയുടെ ഉദ്ദേശ്യം വ്യക്തമാക്കാത്ത രസീത് | 3550 | തുക ചെലവഴിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കിയിട്ടില്ല |
| | ആകെ | 100550 | |

ബിൽ നമ്പർ 18/15-16 പ്രകാരം മാറിയ തുകയിൽ 100550/- രൂപയും ബിൽ നമ്പർ 8/15-16 പ്രകാരം മാറി കോച്ചിംഗ് ഫീസിനത്തിൽ നൽകിയ 16200/-രൂപയും ചേർത്ത് 1,16,750/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

നീന്തൽ പരിശീലനവുമായി ബന്ധപ്പെട്ട മറ്റ് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് വിതരണം ചെയ്ത തുകകൾ താഴെ പറയും വിധമാണ്.

GLPS ചീരാണിക്കര - 20930

GLPS തേക്കട - 35490

GLPS കുറ്റിയാണി - 20930

GLPS നന്നാട്ടുകാവ് - 34580

GLPS കൊഞ്ചിറ - 136045

ഇതിൽ ചീരാണിക്കര ജി.എൽ.പി.എസ്-ൽ നിന്നുമാത്രമാണ് നീന്തൽ പരിശീലനത്തിന് പിരപ്പൻകോട്

സ്വിമ്മിംഗ് പൂളിന് നൽകിയ എൻട്രൻസ് ഫീയുടെ 9100/-രൂപയുടെ രസീതും യൂണിഫോം വാങ്ങിയതിന് നൽകിയ രസീതും ഹാജരാക്കിയത്. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കാഷ്ബുക്കും രസീതുബുക്കുമായി ഒത്തുനോക്കിയതിൽ ടി രസീത് നമ്പറിൽ (നം.10992 തീയതി.18.05.16) 100/-രൂപ മാത്രമാണ് വരവ്. ഹാജരാക്കിയ രസീത് യഥാർത്ഥമല്ലെന്ന് വ്യക്തമാണ്. കൂടാതെ യൂണിഫോം വാങ്ങിയതിന്റെ ഇൻവോയ്സിന്റെ പകർപ്പുമാത്രമാണ് ഹാജരാക്കിയത്. ടി തുകകൾ ഓഡിറ്റിൽ അംഗീകരിക്കാൻ കഴിയില്ല. ആവർത്തിച്ചാവശ്യപ്പെട്ടിട്ടും മറ്റ് സ്കൂളുകളൊന്നും തന്നെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. രണ്ടാം ഘട്ടം സ്കൂളുകൾ നേരിട്ട് നീന്തൽ പരിശീലനം നടത്തി എന്നതിന് വ്യക്തമായ രേഖകളൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ തുക 247975/-രൂപ ഓഡിറ്റിന് തടസ്സം ചെയ്യുന്നു. 15.02.16-ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് തുക വിതരണം ചെയ്യാൻ തീരുമാനിച്ചത് എന്നതിനാൽ ടി തടസ്സത്തിനും മേൽ നിരാകരണത്തിനും നിർവ്വഹണ ഉദ്യോഗസ്ഥയും സ്റ്റാന്റിംഗ് കമ്മിറ്റ് അംഗങ്ങളും ഉത്തരവാദികളാണ്.

## 3-2 മരാമത്തുപണി-ഡി.എസ്. ആർ പ്രകാരമുള്ള നിരക്കിനേക്കാൾ അധികനിരക്ക് നൽകി-തുക നിരാകരിക്കുന്നു

2015-16ലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ observed data 27 പ്രകാരമുള്ള “Filling up low lying and water logged areas with local material/ quarrymuck spreading in layers levelling to the top at site and consolidation by raming etc complete.” എന്ന ഐറ്റത്തിന് താഴെപറയും വിധം അധിക നിരക്കുകൾ നൽകിയിരിക്കുന്നു. ഇതേക്കുറിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് സബ് ഡിവിഷനിൽ നിന്നും അംഗീകരിച്ച് നൽകിയ നിരക്കാണ് നല്കിയത് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ടി ഐറ്റത്തിന് OD 27 (Detailed Data) പ്രകാരം നൽകാവുന്ന നിരക്ക് താഴെ പറയുന്നു.

| Sl. No. | Quantity | Code | Description of Item | Unit | Rate | Amount |
|---|---|---|---|---|---|---|
| 27 | | | Filling up of low lying and water logged areas with local material/ quarry muck spreading in layer levelling the top at site and consolidation by ramming etc complete.<br>Details of cost for 300 cubic meter<br>MATERIAL | | | |
| | 384.00 cm | MR | Soil gravel mixture/ quarry waste | Cum | 800.00 | 30720.00 |
| | | | LABOUR | | | |

| | | | | | | |
|---|---|---|---|---|---|---|
| | 0.40 Nos. | 128 | Mate | Nos | 363 | 145.20 |
| | 2 Nos | 139 | Skilled Labour | Nos. | 363 | 726.00 |
| | 8 Nos. | 114 | Beldar | Nos. | 329 | 2632.00 |
| | | | Total | | | 310703.20 |
| | | | Market rate cost | | | 307200.00 |
| | | | Add Water charges @ 1% MR | | | 3072.00 |
| | | | Net total (A) | | | 310272.00 |
| | | | Total excluding Market Rate | | | 3503.20 |
| | | | Add water charges @ 1% on this | | | 35.03 |
| | | | Net Total (B) | | | 3538.23 |
| | | | Total A + 1.4286 B | | | 315326.90 |
| | | | Add CPOH 15 % | | | 47299.03 |
| | | | Total | | | 362625.93 |
| | | | Say 1208.75/$m^3$ | | | |

| | പ്രവൃത്തിയുടെ വിവരങ്ങൾ | എം ബുക്ക് പ്രകാരം നൽകിയിരിക്കുന്നത് | നൽകാവുന്ന നിരക്ക് | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ 231/16<br>ഇടുക്കും തല നെട്ടയത്തുകുഴി റോഡ്<br>അടങ്കൽ തുക - 110000 | 37.10cubm<br>@1206.22<br>= 44750 | 37.10$m^3$<br>@1051.09<br>= 38995 | 5755 |

| | | | | |
|---|---|---|---|---|
| | ബിൽ തുക - 101006<br>ബിൽ നമ്പർ - 128/16<br>എം ബുക്ക് നമ്പർ - 452/15-16<br>കൺവീനർ - എസ്.ദാനം | | | |
| 2 | പ്രോജക്റ്റ് നമ്പർ - 236/16<br>ചേലൂർ പന്നിയോട് റോഡ് കോൺക്രീറ്റ്<br>അടങ്കൽ തുക - 117000<br>ബിൽ നമ്പർ - 111/16<br>എം ബുക്ക് നമ്പർ - 446/16<br>കൺവീനർ - രാമചന്ദ്രൻ നായർ | 22cubmx<br>1206.22/$m^3$<br>= 26536.84 | 22cubm@<br>1051.09<br>= 23123.9 | 3412 |
| 3 | പ്രോജക്റ്റ് നമ്പർ - 244/16<br>തോട്ടുംപുറം പുളിമാത്ത് റോഡ് കോൺക്രീറ്റ്<br>അടങ്കൽ തുക - 117000<br>ബിൽ തുക - 35720+7324<br>ബിൽ നമ്പർ - 108/16&107/16<br>എം.ബുക്ക് നമ്പർ- 451/16<br>കൺവീനർ - രാജേന്ദ്രൻ നായർ | 16.24@<br>1206.22/$m^3$<br>= 19589 | 16.24@<br>1051.09<br>= 17069.70 | 2519.3 |
| 4 | പ്രോജക്റ്റ് നമ്പർ - 59/16<br>ഇരപ്പിൽ ഇലവൻ കുഴി റോഡ് കോൺക്രീറ്റ് | 25.81cubm@<br>1387.16/$m^3$<br>= 35802.59 | 25.81@<br>1208.75/$m^3$<br>= 31197.83 | 4604.76 |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക - 301000<br>ബിൽ തുക - 214194<br>ബിൽ നമ്പർ - 12/16<br>എം ബുക്ക് നമ്പർ-3/15-16<br>കോൺട്രാക്ടർ - സുരേഷ് | | | |
| 5 | പ്രോജക്ട് നമ്പർ - 50/16<br>ചേലൂർ പന്നിയോട് റോഡ് കോൺക്രീറ്റ്<br>അടങ്കൽ തുക-300000<br>ബിൽ തുക-213394<br>ബിൽ നമ്പർ - 89/16<br>എം ബുക്ക് നമ്പർ-286/15-16<br>കോൺട്രാക്ടർ-ചന്ദ്രശേഖരൻ | 27cubm@<br>1387.16/$m^3$<br>= 37453.32 | 27@<br>1208.75=<br>32636.25 | 4817.07 |
| | ആകെ = 21108 | | | |

അധികം നൽകിയ തുക ഉത്തരവാദിയായ അസി.എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. ചെലവ് തുക തടസ്സപ്പെട്ടുത്തുന്നു.

2015-16 വർഷം സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ, കെ.എസ്.ഇ.ബി., വാട്ടർ അതോറിട്ടി, ഗ്രൗണ്ട് വാട്ടർ അതോറിട്ടി എന്നിവർ ഡെപ്പോസിറ്റ് വർക്കുകളായി ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല. വിശദാംശം ചുവടെ.

| ക്രമ. നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | SO70/15-16 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1138467 | സെക്രട്ടറി |
| 2 | SO72/15-16 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 147697 | ടി |
| 3 | SO195/15-16 | കുടിവെള്ള പദ്ധതി. | 768000 | ടി |
| 4 | SO195/15-16 | കുടിവെള്ള പദ്ധതി. | 72000 | ടി |
| 5 | SO229/15-16 | പൈപ്പ് ലൈൻ നീട്ടൽ. | 300000 | ടി |
| 6 | SO230/15-16 | കുടിവെള്ള പദ്ധതി(ടി.എസ്.പി) | 375000 | ടി |
| 7 | SO219/15-16 | മീഡിയാശ്രീ. (ഡോക്യുമെന്റേഷൻ, കുടുംബശ്രീ മിഷൻ) | 65000 | അസി. സെക്രട്ടറി. |
| | | ആകെ | 2866164 | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുവാൻ ആവശ്യ പ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾ 20/31.10.16,22/31.10.16 എന്നിവക്കുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല എന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും സെക്രട്ടറിയും അസിസ്റ്റന്റ് സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞ ചെലവ് തുകകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്ന മുറക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-4 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ - എസ്.ഒ 183/15-16

പ്രോജക്ടിന്റെ പേര് - പഠനമുറി(എസ്.സി.പി)

അടങ്കൽ തുക - 1221406(വികസന ഫണ്ട്, എസ്.സി.പി)

ചെലവ് തുക - 915000

ബിൽ നമ്പർ/തീയതി-

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 10/15-16 18.01.16 | 175000 |
| 2 | 12/15-16 28.01.16 | 70000 |
| 3 | 13/15-16 26.02.16 | 140000 |
| 4 | 17/15-16 27.02.16 | 110000 |
| 5 | 20/15-16 11.03.16 | 35000 |
| 6 | 22/2015-16 22.03.2016 | 225000 |
| 7 | 29/15-16 30.03.16 | 20000 |
| 8 | 25/15-16 29.03.16 | 140000 |
| | ആകെ | 915000 |

2015-16 വർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ 17 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ഉൾപ്പെടെ പഠനമുറി നിർമ്മിക്കുന്നതിന് 75000/- രൂപ വീതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഗുണഭോക്താക്കൾ ഒന്നു മുതൽ മൂന്ന് ഗഡുക്കൾ വരെ കൈപ്പറ്റിയതിൽ മൂന്ന് പേർ മാത്രമേ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളൂ. 14 പേർ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. പഠനമുറി നിർമ്മാണംപൂർത്തീകരിക്കാത്തവരുടെ വിശദാംശം ചുവടെ,

| ക്രമ നം. | പേര്/മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിപിൻചന്ദ്രൻ, മണ്ഡപകുന്നിൽ വീട്, നന്നാട്ട്കാവ് | 55000 |
| 2 | അച്ചു, കമുകിൻകോണത്തു വീട്, മൂന്നാനക്കുഴി | 55000 |
| 3 | മഹേഷ്ബാബു, മഹേഷ്ഭവൻ, അറവലക്കുന്ന് | 55000 |
| 4 | രമ്യ.ജി.കെ, ധന്യഭവൻ, ദേവിനഗർ, പന്നലക്കോട്.പി.ഒ | 55000 |

| | | |
|---|---|---|
| 5 | വിദ്യാരാജീവ്, കുന്നംപുറത്ത് വീട്, നന്നാട്ട്കാവ് | 55000 |
| 6 | രതി, കുളക്കോട്ടുകോണത്ത്, തേക്കട | 55000 |
| 7 | അഭിരാമി, പൂരാടം, അറവലക്കുന്ന് | 55000 |
| 8 | സുരേഷ്.റ്റി, തോട്ടിൻകര വീട്, നെട്ടയ്ക്കോട് | 55000 |
| 9 | അഖില ജയൻ, അഖിലഭവൻ, കുറ്റിയാണി, പന്തലക്കോട് പി.ഒ | 55000 |
| 10 | രമ.ഒ, ഗോപുരത്തിൻകുഴി വീട്, ചീരാണിക്കര പി.ഒ | 55000 |
| 11 | ജിഷ്ണു, കാരുകോണത്തു വീട്, പോത്തൻകോട് | 35000 |
| 12 | ജീവൻ രാജീവ്, രേഷ്മഭവൻ, അയിരുപ്പാറ | 35000 |
| 13 | ലാവണ്യ, പാങ്കോട്ടുകോണം, കുറ്റിയാണി, പന്നയക്കോട് പി.ഒ | 35000 |
| 14 | ബിജോഷ.എസ്, കൊരമൂട്, കണക്കോട്, വട്ടപ്പാറ പി.ഒ | 35000 |

മേൽപ്പറഞ്ഞവരുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ടെണ്ടർ പരസ്യങ്ങൾ - അധിക നിരക്ക് നൽകുന്നു

2015-16 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി രൂപീകരണം, നിർവ്വഹണം മോണിറ്ററിംഗ് (പ്രോജക്ട് നം.SO03/15-16) എന്ന പദ്ധതിയിൽ വിവിധ ദിനപത്രങ്ങളിൽ ദർഘാസ് പരസ്യങ്ങൾ നൽകിയതിന് അധിക നിരക്ക് നൽകിയി രിക്കുന്നു. പൊതുഭരണ (ഐ ആന്റ് പി.ആർ.ഡി) വകുപ്പ് സ.ഉ (അച്ചടിച്ചത് 01/04) തീയതി. 01.01.2004 പ്രകാരം ദർഘാസ് പരസ്യങ്ങൾ പൂർണ്ണ രൂപത്തിൽ പ്രസിദ്ധീകരി ക്കേണ്ടതില്ല. വിൻഡോ രൂപത്തിൽ പ്രസിദ്ധീകരിച്ചാൽ മതി. മൂന്ന് സെന്റിമീറ്റർ x 2 കോളം വലിപ്പമുള്ള വിൻഡോ പരസ്യങ്ങൾ തയ്യാറാക്കി പത്രങ്ങൾക്ക് നൽകേണ്ടതും, പൂർണ്ണ രൂപം സർക്കാർ വെബ്സൈറ്റിൽ നൽകേണ്ടതുമാണ്. എന്നാൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ 40 cm sq വലിപ്പത്തിലുള്ള ദർഘാസ് പരസ്യങ്ങളാണ് നൽകിയി രിക്കുന്നത്. ഇത്തരത്തിലുള്ള പരസ്യങ്ങൾ നൽകിയതു വഴി ഇരട്ടിയിലധികം തുക ചെലവ് ഉണ്ടായിട്ടുണ്ട്. മേലിൽ ഇത്തരത്തിലുള്ള അധിക ചെലവുകൾ ഉണ്ടാകാതിരി ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കിണർ മെയിന്റനൻസ്- അധികമായി പിൻ വലിച്ച തുക തിരികെ അക്കൗണ്ടിൽ അടക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ - എസ്.ഒ 0078/16 - കിണർ മെയിന്റനൻസ്

അടങ്കൽ തുക - 210000

ചെലവ് തുക - 210000

ബിൽ നമ്പർ- /തീയതി ചുവടെ

| ബിൽ നമ്പർ, തീയതി | തുക |
|---|---|
| 2/15-16 16.01.16 | 75000 |
| 5/15-16 11.03.16 | 75000 |
| 18/15-16 30.03.16 | 40000 |
| 19/15-16 30.03.16 | 20000 |
| ആകെ | 210000 |

പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 5000/- രൂപ നിരക്കിൽ കിണർ മെയിന്റനൻസിനായി തുക അനുവദിക്കുന്നു. പദ്ധതിയോടനുബന്ധിച്ച് 35 ഗുണഭോക്താ ക്കൾക്ക് 5000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിയതിന് 175000/- രൂപയാണ് ചെലവ് വരുന്നത്. ഇതിനായി 210000/- രൂപ പിൻവലിച്ച നടപടി ക്രമവിരുദ്ധമാണ്. കൂടാതെ വി.ഇ.ഒ-യുടെ കിണർ മെയിന്റനൻസ് പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് (67309711429) പരിശോധിച്ചത് പ്രകാരം ശ്രീമതി. ജലജ എന്ന വ്യക്തിക്ക് രണ്ട് തവണ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19-ന് മറുപടി ലഭ്യമായിട്ടില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കും മരുന്ന് ലഭിച്ചിട്ടില്ല

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ - എസ് 0027/2016

അടങ്കൽ തുക - 3,00,000/-

ചെലവഴിച്ച തുക - 3,00,000/-

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 3,00,000/- രൂപ 16.10.2015ലെ 524510 ഡിമാൻഡ് ഡ്രാഫ്റ്റ് ആയി കേരള സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസി മാനേജിംഗ് ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ നാളിതുവരെ 2,41,150/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ.

ബാക്കിയുള്ള 58,850/- രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് 26.10.2016ലെ ഓഡിറ്റ് എൻക്വയറി നമ്പർ 14 പ്രകാരം വിവരം ആവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടിയിൽ 58,850/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള ഇൻഡന്റ് 02.10.2016ൽ നൽകിയിട്ടുണ്ടെന്ന് ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഈ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സാമൂഹ്യ സുരക്ഷാ മിഷൻ | സാമൂഹ്യസുരക്ഷാ മിഷൻ പ്രവർത്തന ഫണ്ട് | ലഭ്യമല്ല | 500300 | ലഭ്യമല്ല | ലഭ്യമല്ല |
| ഭൂജല വകുപ്പ് | കുടിവെള്ള പദ്ധതി (എസ്.ടി.പി) | - | 768000 | - | - |
| വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി (എസ്.ടി.പി) | - | 375000 | - | - |
| വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി (എസ്.ടി.പി) | - | 72000 | - | - |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | തേക്കട പള്ളിനട മൂഴിനട കുടിവെള്ള പദ്ധതി | - | 300000 | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | 207/2010. ത.സ്വ.ഭ.വ 20.01.10 | 19038000 | 9519000 | 3807600 | 5711400 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 43340364 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62411802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 361378 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3114139 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.1 | 10000 | | പി.കൃഷ്ണകുമാർ,സെക്രട്ടറി |
| 3.1(a) | | 85000 | അജിത്ത്കുമാർ.വി,<br>എച്ച്.എം. ഗവ.യു.പി.എസ്.കൊഞ്ചിറ |
| 3.1(b)<br>& (c) | | 16200+34153<br>= 50353<br>138520 + 100550<br>7 | പുഷ്കലാമ്മാൾ,<br>എച്ച്.എം.ഗവ.എൽ.പി.എസ്,<br>കന്യാകുളങ്ങര |

| | | | |
|---|---|---|---|
| | | | |
| 3.1(b)<br>& (c) | | 34153/- വീതം<br>6 പേർക്ക്<br>(138520 + 100550) 7 | അഡ്വ.തേക്കട അനിൽകുമാർ, ചെയർമാൻ<br>ബി.എസ്.ചിത്രലേഖ, പ്രസിഡന്റ്<br>സുമൈറ.ആർ, മെമ്പർ<br>എ.അനിൽകുമാർ, മെമ്പർ<br>രാജശേഖരൻ മൊട്ടമൂട്, മെമ്പർ<br>സുഗതകുമാരി.എൽ., മെമ്പർ |
| 3.2 | | 21108 | സരോജാ ദേവി,അസി.എൻജിനീയർ |
| ആകെ | 10000 | 361378 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 2801164 | പി.കൃഷ്ണകുമാർ,സെക്രട്ടറി |
| 3.3 | 65000 | എ.ഷാജഹാൻ. അസി.സെക്രട്ടറി |
| 3-1(ബി) | 10000 | പുഷ്കലമ്മാൾ,എച്ച്.എം.ഗവ.എൽ.പി.എസ്.കന്യാകുളങ്ങര |
| 3.1(C) | 247975<br>6<br>=<br>41329<br>വീതം | പുഷ്കലാമ്മൾ, എച്ച്.എം.ഗവ.എൽ.പി.എസ്, കന്യാകുളങ്ങര<br>15.02.2016-ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ<br>1.അഡ്വ.തേക്കട അനിൽകുമാർ, ചെയർമാൻ<br>2.ബി.എസ്.ചിത്രലേഖ, പ്രസിഡന്റ്<br>3.സുമൈറ.ആർ, മെമ്പർ<br>4.എ.അനിൽകുമാർ, മെമ്പർ<br>5.സുഗതകുമാരി.എൽ., മെമ്പർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ

എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.കൃഷ്ണകുമാർ | സെക്രട്ടറി, | പത്മഭവൻ, ഇരവൂർ, ആര്യനാട്.പി.ഒ, തിരുവനന്തപുരം - 695542 |
| എ.ഷാജഹാൻ | അസിസ്റ്റന്റ് സെക്രട്ടറി | അഷി,<br>കൃഷി ഭവന് സമീപം, ആനാട്.പി.ഒ, |
| പുഷ്കലാമ്മാൾ | എച്ച്.എം, ഗവ.എൽ.പി.എസ്, കന്യാകുളങ്ങര | മരതകം, താമരക്കുളം ശ്രീ ദുർഗ്ഗ ദേവി ടെംപിൾ, പള്ളിപ്പുറം |
| അജിത്ത്കുമാർ.വി | എച്ച്.എം, ഗവ.യു.പി.എസ്,<br>കൊഞ്ചിറ | അളക,<br>പനിച്ചൽ ലൈൻ, കരിയം, പൗഡിക്കോണം.പി.ഒ |

| | | |
|---|---|---|
| സരോജാ ദേവി | അസിസ്റ്റന്റ് എഞ്ചിനീയർ | ആയില്യം, എൻ.എം.സി 22/559, പഴകുറ്റി.പി.ഒ |
| അഡ്വ.തേക്കട അനിൽകുമാർ, | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | |
| ബി.എസ്.ചിത്രലേഖ,<br>സുമൈറ.ആർ,<br>എ.അനിൽകുമാർ, മെമ്പർ<br>സുഗതകുമാരി.എൽ. | പ്രസിഡന്റ്<br>മെമ്പർ<br>മെമ്പർ<br>മെമ്പർ | |
| രാജശേഖരൻ മൊട്ടമൂട് | മെമ്പർ | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം എഫ്.റ്റി.ഡി.ജി.പി6/302/13. തീയതി.12-06-2014. | 15 മുതൽ 34 വരെ. | |
| 2001-02 | നം.എൽ.എഫ്. റ്റി. ഡി.ജി.പി.6/324/05. തീയതി.12-06-14 | ഇല്ല. | |
| 2002-03 | നം. എൽ.എഫ്.റ്റി.ഡി.ജി.പി. 536/05. | 2 | |

| | | | |
|---|---|---|---|
| | തീയതി.12-06-14. | | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.682/07.<br>തീയതി.12-06-14. | 8. | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1151/08/<br>12-06-14. | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി. പി.1136/08/26-11-10. | 20 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.6/1064/09/<br>11-01-12. | 24 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/ 768/10<br>/22-12-11. | 20 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.6/769/10/<br>22-12-11. | 15 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/ 1516/13<br>/25-10-13 | 13 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/924/12/3-3-14 | 17 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1245/14/2-2-15 | | |

ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട്
ഓഡിറ്റ്

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകങ്ങളും ഒഴികെ, വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. B-4 ഷെഡ്യൂളിൽ Development Fund, Central Finance Commission Grant, balance 3,00,000/-രൂപ കാണിച്ചിരിക്കുന്നു. എന്നാൽ RP 40(b)-യിൽ നീക്കിയിരിപ്പ് '0' ആണ്.
2. സാക്ഷരത അക്കൗണ്ടിൽ നീക്കിയിരിപ്പ് 1429/-രൂപയും B-4 ഷെഡ്യൂളിൽ 1529/-രൂപയുമാണ്.
3. Stock Register Value Basedആയിട്ടല്ല എഴുതി സൂക്ഷിക്കുന്നത്.
4. ബാലൻസ് ഷീറ്റിൽ എല്ലാ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി കാണിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ AFS സമർപ്പിക്കുന്ന പക്ഷം വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.